# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5307 26.03.2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### സർവ്വകലാശാലകളിൽ നിന്നുള്ള തുല്യത സർട്ടിഫിക്കറ്റ്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.വി. ആർ. സുനിൽ കുമാർ | പ്രൊഫ. സി രവീന്ദ്രനാഥ് (ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൊഴിൽ നിയമനത്തിനും വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനും സർവ്വകലാശാലകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ തുല്യത പരിശോധിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഡീംഡ് യൂണിവേഴ്സിറ്റികളിലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3 വർഷം പൂർത്തിയാകുമ്പോൾ നൽകുന്ന ഡിഗ്രിക്ക് തുല്യമായ സർട്ടിഫിക്കറ്റ് ബിരുദം യോഗ്യതയായുള്ള സർക്കാർ തസ്തികകൾക്ക് അപേക്ഷിക്കുന്നതിന് പരിഗണിക്കുമോ; | (ബി) & (സി) | തസ്തികകൾക്കുള്ള യോഗ്യതാ മാനദണ്ഡം നിർണ്ണയിക്കുന്നത് അതാത് മാതൃ വകുപ്പുകളാണ്. അതേസമയം കോഴ്സുകളുടെ സിലബസ്സ് പരിശോധിച്ച് അക്കാദമിക് കൗൺസിലിന്റെ ശുപാർശ പ്രകാരം തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നത് സർവ്വകലാശാലകളാണ്. കോഴ്സുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ അംഗീകാരം വിലയിരുത്തപ്പെടുക. |
| (സി) | പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകളിലെ 3 വർഷം പൂർത്തിയാകുമ്പോൾ കിട്ടുന്ന ബിരുദ സർട്ടിഫിക്കറ്റ് ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ചേരുന്നതിന് യോഗ്യതയായി പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ